# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.328 23/01/2018 -ൽ മറുപടിയ്ക്ക്

**<u>എക്സ്-റേ ഫിലിം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.കെ.ശശീന്ദ്രൻ** | **ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജ് ആശുപത്രികളിലേയും സർക്കാർ ആശുപത്രികളിലേയും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മെഷീനുകളിൽ ഉപയോഗിക്കുന്ന എക്സ്-റേ ഫിലിം വിതരണം ചെയ്യുന്നതിന് ഏതു ഏജൻസിയുമായിട്ടാണ് കരാറിലേർപ്പെട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലേയും സർക്കാർ ആശുപത്രികളിലേയും എക്സ്-റേ മെഷീനുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ വഴി വാങ്ങിയാണ് ഉപയോഗിച്ചു വരുന്നത്. ഈ മെഷീനുകളിൽ ആവശ്യമായ ഫിലിമുകൾ സപ്ലൈ ചെയ്യുന്നതിന് വേണ്ടി മെഡിക്കൽ സർവ്വീസസ് കോർപറേഷൻ പ്രത്യേകം കരാറിലേർപ്പെട്ടിട്ടില്ലെങ്കിലും സർക്കാർ ആശുപത്രികൾക്കായി വാങ്ങി നൽകിയ എക്സ്-റേ മെഷീനുകൾ വാങ്ങി സ്ഥാപിക്കുന്നതിനോടൊപ്പം തന്നെ ഈ ഉപകരണത്തിനാവശ്യമായ സി.ആർ ഫിലിമുകൾ മൂന്ന് വർഷത്തേക്ക് റണ്ണിംഗ് റേറ്റ് കോൺട്രാക്ട് പ്രകാരം വില നിശ്ചയിച്ച് വാങ്ങുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് മൂലം ഏത് കമ്പനി ഉത്പാദിപ്പിക്കുന്ന സി.ആർ.ഫിലിമും ഉപയോഗിക്കാൻ പര്യാപ്തമായ സാഹചര്യം നിലവിലില്ലാത്തതിനാലും നിർമ്മാണകമ്പനികളുടെ വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതിനാലും എക്സ്-റേ ഫിലിമുകൾക്കു വേണ്ടി മാത്രം ടെൻഡർ വിളിച്ച് കുറഞ്ഞ നിരക്കിൽ സപ്ലൈ നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. |
| (ബി) | ഏതെങ്കിലും സ്വകാര്യ ഏജൻസികളിൽ നിന്നും എക്സ്-റേ ഫിലിം വാങ്ങുന്നുണ്ടോ; | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനുമായി റണ്ണിംഗ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടുള്ള വിതരണക്കാരുടെ പക്കൽ നിന്നും വാങ്ങുന്ന ഫിലിമുകൾ മാത്രമേ സി.ആർ മെഷീനുകളിൽ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. നിലവിലുള്ള വിതരണക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><th>നം</th><th>ഉപകരണം</th><th>വിതരണക്കാരന്റെ പേര്</th><th>കാലാവധി</th></tr>
<tr><td>1</td><td>കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മോഡൽ എ</td><td>ഫ്യൂജി ഫിലിം ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്</td><td>02.9.13 to 01.9.16</td></tr>
<tr><td>2</td><td>കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മോഡൽ ബി</td><td>കെയർസ്ട്രീം ഹെൽത്ത് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്</td><td>13.3.15 to 12.3.18</td></tr>
<tr><td>3</td><td>കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മോഡൽ എ</td><td>ഫ്യൂജി ഫിലിം ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്</td><td>22.7.16 to 21.7.19</td></tr>
<tr><td>4</td><td>കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മോഡൽ ബി</td><td>ഫ്യൂജി ഫിലിം ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്</td><td>23.8.16 to 22.8.19</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>എങ്കിൽ ഉയർന്ന നിരക്കിൽ ഫിലിം വാങ്ങാൻ കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?</td>
<td>(സി)</td>
<td>വിവരം ശേഖരിച്ചു വരുന്നു.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**